"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ:സി2/30412/16

കെ.എസ്.എച്ച്.ബി ബിൽഡിംഗ്,
ശാന്തിനഗർ,
തിരുവനന്തപുരം - 695 001
തിയതി 28/10/2016

## ചുറ്ററിയിപ്പ്

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് -പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാളിന്റെ നിയമനം - സംബന്ധിച്ച്.

സൂചന :-28/06/2013 ലെ സി2/3721/12 നമ്പർ ചുറ്ററിയിപ്പ്

**********

നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് സ്കീമിന്റെ ക്രാഫ്റ്റ്മാൻ ട്രെയിനിംഗ് സ്കീം പ്രകാരമുള്ള ട്രേഡുകളിലും യൂണിറ്റുകളിലും NCVT അഫിലിയേഷനോടുകൂടി പരിശീലനം നൽകിവരുന്ന സ്വകാര്യ ഐ.ടിഐകളിൽ ഡി.ജി.റ്റി നിഷ്കർഷിക്കും പ്രകാരം യോഗ്യത ഉള്ളവരെയാണ് പ്രിൻസിപ്പാളായി നിയമിക്കേണ്ടത് എന്നും, നിയമന ഉത്തരവ്, യോഗ്യത/പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ ഈ കാര്യാലയത്തിൽ ലഭ്യമാക്കണമെന്നും സൂചന ചുറ്ററിയിപ്പ് പ്രകാരം എല്ലാ സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാരെയും അറിയിച്ചിട്ടുള്ളതാണ്.

എന്നാൽ ചില സ്വകാര്യ ഐ.ടി.ഐകളിൽ പ്രിൻസിപ്പാൾമാരെ നിയമിച്ച് നിയമനം സംബന്ധിച്ച വിവരം അറിയിക്കുമ്പോൾ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഈ കാര്യാലയത്തിൽ ലഭ്യമാക്കാറില്ല. ആയതിനാൽ പ്രിൻസിപ്പാളിന്റെ നിയമനം സംബന്ധിച്ച വിവരം അറിയിക്കുമ്പോൾ മേൽ സൂചിപ്പിച്ച സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ലഭ്യമാക്കേണ്ടതാണ്.

കൂടാതെ സ്വകാര്യ ഐ.ടി.ഐകളിൽ പ്രിൻസിപ്പാൾമാർ ടി തസ്തിക ഒഴിഞ്ഞ് പകരം നിയമനം നടത്തുമ്പോൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന പ്രഫോർമയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തി അറിയിക്കേണ്ടതുമാണ്. നിലവിലുള്ള പ്രിൻസിപ്പാൾമാരുടെ വിവരങ്ങൾ ഇതേ പ്രഫോർമയിൽ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾ, ഐ.ടി എന്നിവരെ 15/11/2016 ന് മുൻപായി അറിയിച്ചിരിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

ഉള്ളടക്കം: പ്രഫോർമ

സ്വീകർത്താവ്:

എല്ലാ സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

(വകുപ്പ് വെബ്സൈറ്റ് മുഖേന)

പകർപ്പ്:

1. എല്ലാ നോഡൽ സർക്കാർ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും (ചുറ്ററിയിപ്പിന്റെ പകർപ്പ് താങ്കളുടെ അധികാരപരിധിയിൽ വരുന്ന എല്ലാ പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും അയച്ചു കൊടുക്കേണ്ടതാണ്.)
2. എല്ലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും (താങ്കളുടെ അധികാര പരിധിയിൽ വരുന്ന സ്വകാര്യ ഐ.ടി.ഐകളിലെ പ്രിൻസിപ്പാൾമാരുടെ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് 30/11/2016 നകം ലഭ്യമാക്കേണ്ടതാണ്, പ്രിൻസിപ്പാൾമാർക്ക് ഡി.ജി.റ്റി നിഷ്കർഷിച്ച യോഗ്യത ഇല്ലെങ്കിൽ ടി വിവരം പ്രത്യേകം റിപ്പോർട്ട് ചെയ്യേണ്ടതാണ്.)
3. ജെ.എസ് (സി)
4. കരുതൽ ഫയൽ (സി2)

എ.26/10/2016

## പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാളിന്റെ വിവരങ്ങൾ

| | | |
|---|---|---|
| 1. | ജില്ല | |
| 2. | നോഡൽ ഐ.ടി.ഐയുടെ പേര് | |
| 3. | സ്ഥാപനത്തിന്റെ പേര് | |
| 4. | MIS നമ്പർ | |
| 5. | സ്ഥാപനത്തിന്റെ മേൽവിലാസം | |
| 6. | ഫോൺ നമ്പർ | |
| 7. | ഇ-മെയിൽ ഐ.ഡി | |
| 8. | വെബ്സൈറ്റ് അഡ്രസ്സ് | |
| 9. | പ്രിൻസിപ്പാളിന്റെ പേര് | |
| 10. | വിദ്യാഭ്യാസ യോഗ്യത* | |
| 11. | പ്രവൃത്തി പരിചയം* | |
| 12. | പ്രിൻസിപ്പാൾ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തിയതി | |
| 13. | Specimen Signature | |

സ്ഥാപനത്തിന്റെ മാനേജർ

ഒപ്പ് :

(തീയതി ഉൾപ്പെടെ)

(ഓഫീസ് സീൽ) പേര് :

തസ്തിക :

*വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഉൾകൊള്ളിക്കേണ്ടതാണ്.

*പ്രവൃത്തി പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഉൾകൊള്ളിക്കേണ്ടതാണ്.

ഓരോ പകർപ്പ് വീതം : ഡയറക്ടറേറ്റ്, ഐ.ടി., നോഡൽ ഐ.ടി.ഐ എന്നിവർക്ക് നൽകേണ്ടതാണ്.

എ27/10/2016